# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5506 04.07.2013-ൽ മറുപടിക്ക്**

**നാട്ടിക ഫർക്ക ജലവിതരണപദ്ധതിയുടെ പുനരുദ്ധാരണം**

| ചോദ്യം<br>ശ്രീ.വി.എസ്.സുനിൽകുമാർ | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) തൃശ്ശൂർ ജില്ലയിലെ നാട്ടിക ഫർക്ക ജലവിതരണ പദ്ധതിയിലെ പഴക്കം ചെന്ന പമ്പുസെറ്റുകളും, പൈപ്പുകളും മാറ്റി സ്ഥാപിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ; | (എ) ഉണ്ട് |
| (ബി) എത്രതുകയുടെ പദ്ധതിയാണ് പരിഗണനയിലുള്ളത്;<br>(സി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) & (സി) വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി നാട്ടികയിലെ ഇൻടേക്ക് വെല്ലിലെ നിലവിലുള്ള 75 എച്ച്.പി. വെർട്ടിക്കൽ ടർബൈൻ പമ്പ് സെറ്റ് മാറ്റി സ്ഥാപിക്കുന്നതിന് 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിക്കുള്ള ദർഘാസ് നടപടികൾ നടന്നു വരുന്നു. പ്രസ്തുത പദ്ധതിയുടെ പഴക്കം ചെന്ന 700 എം.എം. പ്രിമോ ഗ്രാവിറ്റി മെയിൻ മാറ്റി സ്ഥാപിക്കുന്നതിനുള്ള 653 ലക്ഷം രൂപയുടെ പ്രൊപ്പോസൽ പരിഗണനയിലുണ്ട്. |

| | | |
|---|---|---|
| | | പൈപ്പുകൾ മാറ്റിയിടുന്നതിനായുള്ള വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് ലഭ്യമാകുമ്പോൾ പരിശോധിച്ച് ഭരണാനുമതി നൽകാവുന്നതാണ്. |
| (ഡി) | പദ്ധതി പ്രദേശത്ത് കാലപ്പഴക്കംമൂലം പൈപ്പ് പൊട്ടി ജലനഷ്ടം സംഭവിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ? | (ഡി) ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. യഥാസമയങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തി ജലനഷ്ടം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ